# REVELATION - SUMMARY

വെളിപ്പാടുപുസ്തകം- വേദപുസ്തകത്തിലെ പ്രവചനങ്ങളുടെ മഹൽ സമാപ്തി- The climax. യേശു ക്രിസ്തുവിന്റെ വെളിപ്പാട് ദൈവം യേശു ക്രിസ്തുവിനു കൊടുത്തു. യേശു ക്രിസ്തു തന്റെ ദൂതൻ മുഖാന്തരം തന്റെ ഏറ്റവും പ്രിയപ്പെട്ട ശിഷ്യനായ യോഹന്നാനു പ്രദർശിപ്പിച്ചു. യോഹന്നാൻ വെറും എഴുത്തുകാരൻ മാത്രം. ഒന്നും യോഹന്നാന്റെ സ്വന്തം ഭാഷയല്ല. പറഞ്ഞു കൊടുത്തത് യോഹന്നാൻ എഴുതി. 2000 വർഷങ്ങൾക്കു ശേഷം നാം ഇന്ന് അതു പഠിക്കുന്നു.

സമയം അടുത്തിരിക്കയാൽ ഈ പുസ്തകത്തിന് മുദ്രയിടരുത്.

ഉദ്ദേശം AD 95/96 ൽ പത്മോസ് ദ്വീപിലെ പാറക്കെട്ടുകളുടെ ഇടയിൽ നാടുകടത്തപ്പെട്ട യോഹന്നാൻ കർത്തൃദിവസത്തിൽ ആത്മവിവശനായി. അന്നുവരെ ആരും കാണാത്ത കാഴ്ചകൾ യോഹന്നാനെ കാണിപ്പാനായി ഇതാ കർത്താവുതന്നേ പ്രത്യക്ഷനാകുന്നു.

1) ഏഴു പൊൻ നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോടു സദൃശ്യനായവനെ യോഹന്നാൻ കണ്ടു.

അഗ്നിജ്വാലക്കൊത്ത കണ്ണ്, ഹിമത്തോളം വെള്ളയുള്ള പഞ്ഞിപോലെ തലമുടി, ഉലയിൽ ചുട്ടു പഴുപ്പിച്ച വെള്ളോട്ടിനു സദൃശ്യമായ കാൽ, പെരുവെള്ളത്തിന്റെ ഇരമ്പൽ പോലെ ശബ്ദം, വലകൈയിൽ ഏഴുനക്ഷത്രം- ഈ ദൃശ്യം കണ്ട് യോഹന്നാൻ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു. യേശുക്രിസ്തുവിന്റെ മഹത്വരൂപം, മൂന്നര വർഷം കൂടെ നടന്ന യോഹന്നാൻ അവന്റെ കാൽക്കൽ മരിച്ചവനെപ്പോലെ വീഴുവാൻതക്കവണ്ണം പ്രഭാപൂർണ്ണമായിരുന്നു.

2-3) Revalation 2 ഉം 3 ഉം അധ്യായങ്ങൾ സഭകൾക്കു കൊടുപ്പാനായി കർത്താവേൽപ്പിച്ച ദൂതുകൾ അത്രേ. സഭകൾക്കു കൊടുക്കുന്ന ഈ ദൂതുകൾക്കുള്ള പ്രസക്തി 4 നിലയിൽ അതിനെ കാണണം:-

1 2000 വർഷം മുൻപ് ഒന്നാം നൂറ്റാണ്ടിന്റെ അവസാനനാളുകളിൽ ഏഷ്യാ മൈനറിൽ നില നിന്ന 7 സഭകളുടെ ആത്മിക സ്ഥിതിയുടെ അവലോകനവും അവർക്കുള്ള മുന്നറിയിപ്പും അതിൽ അടങ്ങിയിരിക്കുന്നു. ഏതിൽ നിന്നും വീണിരിക്കുന്നുവോ അതിൽ നിന്നും മാനസാന്തരപ്പെടുക.

2 ഇന്നുള്ള ക്രിസ്തീയ സഭകളിൽ ഈ 7 ദൂതുകളിൽ കാണുന്ന ആത്മിക പരാജയവും ലോക മയത്വവും നിലനിൽക്കുന്നുവോ, അവർക്കു ഇന്നും ഈ ദൂതു ബാധകം.

3 നമുക്ക് ഓരോരുത്തർക്കുമുള്ള ദൂതത്രേ ഇത്. നമ്മുടെ ആത്മിക സ്ഥിതി ഈ 7 സഭകളിൽ ഏതിനോട് സമമായിരിക്കുന്നുവോ- ഒന്നു പരിശോധിക്കുക. മടങ്ങി വരുക മാനസാന്തപ്പെടുക.

4 ഒന്നാം നൂറ്റാണ്ടു മുതൽ കർത്താവിന്റെ വരവുവരെ സഭാ കാലഘട്ടത്തെ 7 കാലഘട്ടങ്ങളായി തിരിക്കാം. Spiritual Condition of Churches in the past to millenium and the spiritual condition of church today. ഈ 7 ദൂതുകൾ സഭാകാലഘട്ടത്തിന്റെ ഒരു പ്രവചനം തന്നെയായിരുന്നു.

**കാലഘട്ടമനുസരിച്ച് നോക്കുമ്പോൾ**

1 എഫെസൂസ് കാലഘട്ടം = ഒന്നാം നൂറ്റാണ്ട് A D 100 വരെ= എന്താണു കുറ്റം = ആദ്യ സ്നേഹം വിട്ടുകളഞ്ഞു. A D33 ൽ ഉണ്ടായിരുന്ന സ്നേഹം A D 95 ആയപ്പോൾ ഇല്ല. തലമുറ മാറിയപ്പോൾ സ്നേഹവും കുറഞ്ഞു. Solution എന്ത് = മാനസാന്തരപ്പെടുക. Remember - Repent - Do first work- ആദ്യത്തെ പ്രവൃത്തി ചെയ്യുക.

2 Smyrna കാലഘട്ടം = പീഡനത്തിലൂടെ സഭ കടന്നു പോയ കാലഘട്ടം ജാതികൾ വിശ്വാസികളെ ഏറ്റവും അധികം പീഡിപ്പിച്ച കാലഘട്ടം. Pagan persecution ഈ കാലഘട്ടത്തിലെ വിശ്വാസികളെ കർത്താവു പ്രശംസിക്കുന്നു. ആശ്വസിപ്പിക്കുന്നു. No rebuke. Only encouragement. Word of hope. A D 313 വരെയുള്ള കാലഘട്ടം smyrna കാലഘട്ടം. പീഡനം സഹിക്കുമ്പോഴും സൗരഭ്യ വാസന പുറപ്പെടുവിക്കുന്ന സഭ Smyrna = മൂര് (an ordinary

perfume). മൂരിന്റെ സൗരഭ്യം പുറത്തു വരുന്നത് മൂര് ചതയ്ക്കുമ്പോൾ

3. Pergamum AD 313 മുതൽ AD 500 വരെയുള്ള കാലഘട്ടം.

ജാതികളുടെ ആചാരങ്ങൾ സഭയിലേക്കു കടന്നു കയറിയ കാലഘട്ടം. സഭയ്ക്കുള്ളിൽ മാലിന്യം കലർന്ന നൂറ്റാണ്ടുകൾ.

ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചു. പീഢനം കുറഞ്ഞു. ജാതികൾ ധാരാളം യഥാർത്ഥ മായ മാനസ്സാന്തരാനുഭവം കൂടാതെ നാമമാത്രമായി ക്രിസ്തുമതത്തിലേക്കു ഇരച്ചുകയറി. കൂട്ടത്തിൽ അവർ അന്നുവരെ തുർന്നിരുന്ന ആചാരങ്ങളും കൊണ്ടുവന്നു. സഭ ഭരണാധികാ രികൾ അവയെ സഭയിലേക്ക് കടത്തിവിട്ടു.

ബാബിലോന്യ ദൈവങ്ങളെ ആരാധിച്ചിരുന്ന വിശേഷദിവസങ്ങൾ സഭയിലേക്കു Adopt ചെയ്തു. ആ ദിവസങ്ങൾക്കു മറ്റു പേരിട്ടു. അവയെ സഭയുടെ വിശേഷദിവസങ്ങളായി പ്രഖ്യാ പിച്ചു. മെല്ലെ മെല്ലെ സഭ അതിന്റെ Purity നഷ്ടപ്പെടുത്തി. ഈ സഭയ്ക്കുള്ള warning : Balaam ന്റെ ഉപദേശം തുടരുന്ന സഭ. യിസ്രായേൽ മക്കളെ തെറ്റിച്ചു കളഞ്ഞ അതേ ഉപ ദേശം - ദുർന്നടപ്പ് - വിഗ്രഹാരാധന. Moral Degredation - നിക്കലാവ്യരുടെ നടപ്പ്.

Pergamum = സാത്താന്റെ ഇരിപ്പിടം (From Babilon the cult leaders moved to Pergamum- later when pergamum was distroyed it was moved to Rome and other European capi- tals.

4) Thyatira AD 500 മുതൽ AD 1500 വരെയുള്ള DARK AGES

Papal Superiority യുടെ കാലഘട്ടം.

“Isabel” എന്ന സ്ത്രീയെ അനുവദിക്കുന്ന കുറ്റം - ദുർന്നടപ്പ് -വിഗ്രഹാർപ്പണം.

Idol worship സഭയിൽ നടമാടി. ദുർനടപ്പ് യൂറോപ്യൻ ജീവിതത്തിന്റെ ഭാഗമായി. എങ്കിലും ഒരു ശേഷിപ്പ് വിശ്വസ്തതയോടെ ഈ കാലത്തും സൂക്ഷിക്കപ്പെട്ടു. അവർക്കുള്ള ദൂത്: നിങ്ങൾക്കുള്ളത് ഞാൻ വരും വരെ പിടിച്ചുകൊൾക.

5) Sardis AD1500 മുതൽ 1700 വരെയുള്ള protestant Reformation ന്റെ കാലഘട്ടം.

It is time to get up from sleep.

വലിയ ഒരു ഉണർവിനുവേണ്ടിയുള്ള ‘വീർപ്പുമുട്ട്‘ യൂറോപ്പ് മുഴുവനും ഉണ്ടായ കാലഘട്ടം.

അനേകർ വചനം പഠിക്കാനും ധ്യാനിപ്പാനും തുടങ്ങി. വേദപുസ്തകം അന്നു നിലനിന്ന ഭാഷ കളിലേക്ക് തർജ്ജമ ചെയ്യാൻ പലരും രഹസ്യമായി ആരംഭിച്ചു. Printing ന്റെ കണ്ടുപിടുത്തം ആ രംഗത്തേക്കുള്ള ശ്രമങ്ങൾക്ക് ആക്കം കൂട്ടി. എങ്കിലും Papal hierarchy സകലത്തെയും അടിച്ചമർത്താൻ ശ്രമിച്ചു കൊണ്ടിരുന്ന കാലം.

6) Philedelphia AD 1800

വേദപുസ്തകം print ചെയ്തു പ്രചാരത്തിൽ വന്നു. അനേകർ വചനം പഠിച്ചു. ഉണർവിനു നേതൃത്വം കൊടുത്ത കാലഘട്ടം. Philedelphia= സഹോദര സ്നേഹം. Brotherly love. അല്പമേ ശക്തിയുള്ളുവെങ്കിലും വചനം കാത്തസഭ.

ദൈവവചനത്തെ ലോകത്തിൽ പ്രചരിപ്പിച്ച സഭ. Adding nothing, Removing notheing from it. Kept the word with all its purity.

7) Lavodica The End time church

Very content. But remains sinful.

Luke warm faith. ശീതവാനുമല്ല, ഉഷ്ണവാനുമല്ല.

ആത്മികമായി ഒട്ടും തന്നെ തീഷ്ണതയില്ലാത്ത അവസ്ഥ. പേരിനെല്ലാം ഉണ്ട്. പക്ഷെ ഒന്നിനും ഒരു ജീവനില്ല. ഉണങ്ങിയ ആത്മിക അനുഭവം. ദൈവഭക്തിയുടെ വേഷമുണ്ട്. എന്നാൽ അതിന്റെ ശക്തി ത്യജിക്കുന്നവർ. നിർഭാഗ്യനും അരിഷ്ഠനും ദരിദ്രനും കുരുടനും നഗ്നനുമായി കർത്താവ് ഈ അന്ത്യകാലഘട്ടത്തിലുള്ള സഭയെ കാണുന്നു.

എന്നാൽ ഞാൻ ധനവാൻ, ഞാൻ സമ്പന്നൻ എന്നു അവർ സ്വയം കാണുന്നു. സ്വന്ത സ്ഥിതിയെ തിരിച്ചറിയാൻ കഴിയാത്ത സഭ. കർത്താവിനെ പുറത്തു നിർത്തിയിരിക്കുന്ന സഭ. ഇന്ന് Philadelphia സഭയും Lavodica സഭയും ഒന്നിച്ച് കാണാൻ കഴിയും. ഇതു രണ്ടും ഈ അന്ത്യകാലത്തുണ്ട്.

4) വെളിപ്പാടു പുസ്തകം 4-ാം അധ്യായം = ദൈവ സിംഹാസനത്തിന്റെ കാഴ്ച. " ഇവിടെ കയറിവരുവിൻ" എന്ന ദൈവശബ്ദം കേട്ട് ഇതാ യോഹന്നാൻ സ്വർഗ്ഗോന്നതിയിലേക്കെടുക്കപ്പെടുന്നു. സഭ കേൾക്കാൻ പോകുന്ന ശബ്ദം തന്നെയാണിത്. ഈ ശബ്ദത്തിനായി കർത്താവിന്റെ സഭ കാലാ കാലങ്ങളായി കാത്തു പാർക്കുന്നു.

യോഹന്നാൻ ദൈവ സിംഹാസനവും അവിടുത്തെ ആരാധനയും നേരിൽ കാണുന്നു. യശയ്യാവും യെസക്കിയേലും ദാനിയേലും കണ്ട ദൈവ സിംഹാസനത്തിന്റെ തിളക്കം ഏറിയ വർണ്ണന നാം 4-ാം അധ്യായത്തിൽ കാണുന്നു. ദൈവ സിംഹാസനത്തിനു ചുറ്റിലും 24 സിംഹാസനങ്ങൾ. ദൈവത്തിന്റെ 7 ആത്മാക്കളായ ദീപങ്ങൾ. ചുറ്റിലും 4 ജീവികൾ. രാപ്പകൽ സ്വർഗ്ഗത്തിൽ നടക്കുന്ന ആരാധന യോഹന്നാൻ വിവരിക്കുന്നു. സർവ്വരും സർവ്വശക്തനായ ദൈവത്തെ ആരാധിക്കുന്നു. തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിന്റെ മുമ്പിൽ ഇടുന്നു.

5) 7 മുദ്രയാൽ മുദ്രയിട്ട പുസ്തകം. ഈ പുസ്തകം മുദ്രപൊട്ടിച്ചു തുറപ്പാനും വായിപ്പാനും യോഗ്യനായി അറുക്കപ്പെട്ട കുഞ്ഞാടായ നമ്മുടെ കർത്താവ് രംഗ പ്രവേശം ചെയ്യുന്നു.

യഹൂദാ ഗോത്രത്തിന്റെ സിംഹവും ദാവീദിന്റെ വേരുമായവൻ ജയാളിയായി നിൽക്കുന്നു. ഭൂമിയെ സാത്താന്റെ അധീനതയിൽ നിന്നും വീണ്ടെടുക്കുവാൻ, യോഗ്യനായി യേശു രംഗത്ത്. തന്റെ സ്വന്ത രക്തം കൊണ്ട് സകലതും വിലയ്ക്കുവാങ്ങി.

ഇതാ സകല ആരാധനയ്ക്കും യോഗ്യനായി നമ്മുടെ കർത്താവു നിൽക്കുന്നു.

കുഞ്ഞാടിനു സകല ആരാധനയും അർപ്പിക്കുന്നു. സകല സ്വർഗ്ഗീയ സൈന്യവും-നാലുജീവികളും- 24 മൂപ്പന്മാരും- എല്ലാം, എല്ലാം, വീണു നമസ്കരിക്കുന്നു. അറുക്കപ്പെട്ട കുഞ്ഞാടിനെ.

6) ആറാം അധ്യായം തുടങ്ങി 12-ാം അധ്യായം വരെയുള്ള സംഭവങ്ങളുടെ പരമ്പര ഇവിടെ ആരംഭിക്കുന്നു. സഭയുടെ ഉൽപ്രാപണം നടന്നു. കർത്താവിന്റെ മേഘ പ്രത്യക്ഷത കഴിഞ്ഞു. ഇനിയുണ്ട് 7 വർഷം കർത്താവിന്റെ മഹത്വ പ്രത്യക്ഷതയ്ക്കു. ഈ സമയത്ത് ഭൂമിയിൽ എന്തു നടക്കുന്നു. ഇതാ 7 മുദ്രകൾ.

ഒന്നാം മുദ്ര പൊട്ടിച്ചപ്പോൾ- വെള്ളക്കുതിര- ഇതാ ലോകം കാത്തിരുന്ന ഏകാധിപതി രംഗത്ത്. സമാധാന മന്ത്രവുമായി ലോക രാജ്യങ്ങളെ തന്റെ command നുള്ളിൽ അമർത്തി രംഗത്തു വരുന്നു. Anti Christ അധികാരം ഏൽക്കാൻ പുറപ്പെടുന്നു.

രണ്ടാം മുദ്ര പൊട്ടിച്ചപ്പോൾ - ചുമന്നകുതിര- ലോകം മുഴുവനും രക്തചൊരിച്ചിൽ. അന്തിക്രിസ്തു അധികാരം ഉറപ്പിക്കുന്നു. സമാധാനം ലോകത്തിൽ നിന്നും അപ്രത്യക്ഷപ്പെട്ടു.

മൂന്നാം മുദ്ര പൊട്ടിച്ചപ്പോൾ- കറുത്ത കുതിര- ഭയങ്കരമായ ക്ഷാമം ലോകം മുഴുവനും. Great Famine all over

നാലാം മുദ്ര പൊട്ടിച്ചപ്പോൾ- മഞ്ഞക്കുതിര- Pale Horse- പകർച്ചവ്യാധി/ ലോക ജനതയിൽ നല്ലൊരു പങ്കു ഇതിൽ മരണപ്പെടും. ലോകം ഇന്നുവരെ കേട്ടിട്ടില്ലാത്ത രോഗങ്ങൾ യാതൊരു മരുന്നും ഇല്ല. മരണം നിശ്ചയം.

അഞ്ചാം മുദ്ര പൊട്ടിച്ചപ്പോൾ - ദൈവ വചനം നിമിത്തവും തങ്ങളുടെ സാക്ഷ്യം നിമിത്തവും ആയിരക്കണക്കിനുജനം അന്തി ക്രിസ്തുവിനാൽ പീഡനം ഏൽക്കുന്നു. അവർ രക്തസാക്ഷി മരണം വരിക്കുന്നു. അവരുടെ ആത്മാക്കൾ സ്വർഗ്ഗത്തിൽ.

ആറാം മുദ്ര പൊട്ടിച്ചപ്പോൾ - സൂര്യൻ കരിമ്പടം പോലെ കറുത്തു. ചന്ദ്രൻ രക്തതുല്യം. നക്ഷത്രങ്ങൾ ഭൂമിയിൽ വീഴുന്നു. മലകൾ ഇളകുന്നു. വലിയ ഭൂകമ്പം. ലോകം ഭ്രമിക്കുന്നു. ലോകർ ഒളിപ്പാനിടം തേടി നടക്കുന്നു.

7) 7-ാം അധ്യായം ഒരു ഇടവേള. എന്തിനുള്ള ഇടവേള?

1. യിസ്രായേൽ ജാതിയിൽ നിന്നും രക്ഷിക്കപ്പെടുന്നവരെ മുദ്രയിടുവാൻ.

2. ജാതിയിൽ നിന്നും രക്ഷിക്കപ്പെടുന്നവർ രക്തസാക്ഷിയായി മരിക്കേണ്ടിവരും.

മുദ്രയേൽക്കുന്നവരെ തൊടുവാൻ ആർക്കും കഴിയില്ല.

യിസ്രായേൽ ഗോത്രങ്ങളിൽ 12ൽ നിന്നും 144000 പേർ മുദ്രയേൽക്കുന്നു.

"DAN" ഗോത്രത്തിന്റെ പേര് omit ചെയ്തു. എഫ്രയീം ഗോത്രത്തിന്റെയും പേരില്ല. അതിനു പകരം "ജോസഫ്" ഗോത്രം ഉണ്ട്.

മഹോദ്രപകാലത്ത് ഈ മുദ്രയേറ്റവരെ ദൈവശക്തിയാൽ സംരക്ഷിക്കുന്നു. ജാതിയിൽ നിന്നും, അതുപോലെ ക്രിസ്തീയ വിഭാഗങ്ങളുടെ ബാക്കി ജനത്തിൽ നിന്നും രക്ഷിക്കപ്പെട്ട രക്തസാക്ഷി മരണം വരിച്ചവരുടെ ആത്മാക്കൾ സ്വർഗ്ഗത്തിൽ എത്തിച്ചേരുന്നു.

8) 7-ാം മുദ്ര പൊട്ടിച്ചപ്പോൾ - സ്വർഗ്ഗത്തിൽ 1/2 മണിക്കൂർ മൗനത.

- ഇതാ 7 ദൂതന്മാർ കാഹളം ഊതുവാൻ തയ്യാറായി വരുന്നു.

1-ാം ദൂതൻ കാഹളം ഊതിയപ്പോൾ - രക്തം കലർന്ന കല്മഴയും തീയും ഭൂമിയിൽ ചൊരിഞ്ഞിട്ട് ഭൂമിയിൽ 1/3 വെന്തുപോയി.

2-ാം ദൂതൻ ഊതിയപ്പോൾ - തീ കത്തുന്ന വൻമല പോലെയൊന്നു സമുദ്രത്തിൽ വീണു. കടലിൽ 1/3 രക്തമായി തീർന്നു. കടലിലെ ജീവിതം നശിച്ചു.

3-ാം ദൂതൻ ഊതിയപ്പോൾ - ദീപം പോലെ ജ്വലിക്കുന്ന മഹാനക്ഷത്രം വീണ് നദികളിൽ 1/3 ഉം നീരുറവയും "കാഞ്ഞിരം" പോലെ കയ്പ്പുള്ളതായി.

4-ാം ദുതൻ ഊതിയപ്പോൾ - ചന്ദ്രനിൽ 1/3 ഇരുണ്ടു. നക്ഷത്രങ്ങളിൽ 1/3 ഇരുണ്ടുപോയി.

9) ഭൂമിമേലുള്ള ന്യായവിധി തുടരുന്നതേയുള്ളൂ.

5-ാം ദൂതൻ ഊതിയപ്പോൾ - ഒരു നക്ഷത്രം ആകാശത്തിൽ നിന്നും ഭൂമിയിൽ വീണുകിടക്കുന്നു. ഇതു വേറെ ആരുമല്ല - സാത്താൻ തന്നെ. അവനെ സ്വർഗ്ഗസ്ഥലങ്ങളിൽ നിന്നും പുറന്തള്ളി. ഭൂമിയിലേക്കവൻ വീണു. അഗാധ കൂപത്തിന്റെ താക്കോൽ അവനു ലഭിച്ചു.

അവിടെ കിടന്നിരുന്ന സകല ഭൂതങ്ങളെയും സാത്താൻ തുറന്നു വിടുന്നു. അതിൽ നിന്നും ഇതാ വെട്ടുക്കിളിയുടെ ആകൃതി, തേളിന്റെ സ്വഭാവം - വേദനിപ്പിക്കുന്ന കുത്തൽ - അവഹനീയമായ വേദന- മുദ്രയേൽക്കാത്തവരെ കുത്തുന്നു. 150 ദിവസം ഈ പീഢ തുടരുന്നു. വേദനകാരണം പലരും മരിപ്പാൻ ആഗ്രഹിക്കും. എന്നാൽ മരണം അവരെ വിട്ട് ഓടിപ്പോകും.

സാത്താന്റെ സൈന്യം മനുഷ്യ ജാതിയെ പീഡിപ്പിക്കുന്ന രംഗം. സാത്താന്റെയും തന്റെ സൈന്യത്തിന്റെയും തേർവാഴ്ച ഭൂമിയിൽ നടമാടുന്നു. കർത്താവിന്റെ രക്ഷയെ നിഷേധിച്ച മാനുഷവർഗ്ഗം ഭീകരപീഠനത്തിലൂടെ കടക്കുന്നു. ഇത് ഒന്നാമത്തെ കഷ്ടം. ഇനി രണ്ടു കഷ്ടം പിന്നാലെവരുന്നു.

6-ാംമത്തെ കാഹളം ഊതുമ്പോൾ: യൂഫ്രട്ടീസ് നദീ തീരത്തു ബന്ധിച്ചിരുന്ന 4 ദൂതന്മാരെ അഴിച്ചു വിടുന്നു. സാത്താന്റെ ദൂതന്മാർ. ഈ ഭൂമിയിൽ നാശം വിതക്കാൻ അവർ പുറപ്പെടുന്നു. മനുഷ്യരിൽ 1/3 നെ കൊല്ലുവാൻ ഈ അവസരം ഉപയോഗിച്ചു.

ഇതാ വലിയോരു കുതിരപ്പട 10000 x 20000= 200 Million= 20 crores Army.

സാത്താൻ വശീകരിച്ചു കൊണ്ടു വന്നിരിക്കയാണ്.

സർവ്വത്ര നാശം. സമാധാനം ഭൂമിയിൽ നിന്നും പൊയ്പോയിരിക്കുന്നു.

ഇതൊക്കെ സംഭവിച്ചിട്ടും ശേഷം മനുഷ്യർ മാനസാന്തരപ്പെട്ടില്ല.

10) 10-ാം അധ്യായം ബലവാനായോരു ദൂതനെ നാം കാണുന്നു- ഈ ദൂതൻ ആര്? നമ്മുടെ കർത്താവു തന്നെയെന്നു തോന്നും വർണ്ണന നോക്കിയാൽ. ഇതു പ്രധാന ദൂതൻ തന്നെയാകാനും വഴിയുണ്ട്. ഏതായാലും വിഷയം ഒന്നു തന്നെ- Authorising St. John to proclaim this message.

7-ാം ദൂതൻ കാഹളം ഊതുമ്പോൾ-തന്റെ ദാസന്മാരായ പ്രവാചകന്മാർക്കു അറിയിച്ചു കൊടുത്ത പ്രവചനങ്ങൾ ഒക്കെയും നിവൃത്തിയാകാൻ പോകുന്നു എന്നു ഉറച്ചു പ്രഖ്യാപിക്കുന്നു.

സാത്താന്റെ തന്ത്രങ്ങൾ പൊളിയാൻ സമയം അടുത്തുവരുന്നു. സാത്താന്റെ മർമ്മം പൊളിയും. ദൈവരാജ്യം ലോകത്തിൽ സ്ഥാപിതമാകണമെങ്കിൽ ദൈവത്തിന്റെ മർമ്മം ജയിക്കണം. ഇതാ ന്യായവിധി നടത്തുവാനായി രംഗം തയ്യാറായിക്കൊണ്ടിരിക്കുന്നു. യോഹന്നാനെ അധികാരപ്പെടുത്തുന്നു ഇനിയുമുള്ള കാര്യങ്ങൾ പ്രവചിക്കാനായി.

11) യോഹന്നാനു കല്പന ലഭിക്കുന്നു. അതിവിശുദ്ധസ്ഥലം, വിശുദ്ധസ്ഥലം, പ്രകാരം എന്നിവ അളക്കുക. യരുശലേമിൽ ദൈവത്തിന്റെ ആലയം മഹോപദ്രവപകാലത്തു തന്നെ പണിയപ്പെടും എന്നുള്ള വസ്തുത ഉറപ്പായി പ്രഖ്യാപിക്കപ്പെടുന്നു.

ദൈവം അയച്ചിട്ട് രണ്ട് സാക്ഷികൾ രംഗത്ത്. 1260 ദിവസം രട്ടു ഉടുത്തുകൊണ്ട് പ്രവചിക്കും. മോശയുടെയും ഏലിയാവിന്റെയും പ്രവർത്തനശൈലി തന്നെ അവർക്ക്- അതിനാൽ ഒരാൾ മോശയും ഒരാൾ ഏലിയാവും ആകാൻ സാധ്യതയുള്ളതായി വേദപണ്ഡിതന്മാർ കരുതുന്നു. യിസ്രായേൽ ജാതിയെ ആത്മികമായി ഉണർത്താൻ അവരുടെ സാക്ഷ്യത്തിനു കഴിയും.

എന്നാൽ അവരുടെ ശിശ്രൂഷയുടെ അവസാനത്തിൽ, ഇതാ മൃഗം അവരോടു പോരാടി അവരെ കൊല്ലിക്കും. അവരുടെ ശവം യരുശലേമിന്റെ തെരുവീഥിയിൽ 3 ½ ദിവസം കിടക്കുന്നത് ലോകത്തിലുള്ള സകല ജനവും കാണും. ഇന്നത്തെ TV യും channel ഉം ഒക്കെ 2000 വർഷം മുമ്പുതന്നെ യോഹന്നാനെ കാണിച്ചുകാണും.

എന്നാൽ 3 ½ ദിവസം ആകുമ്പോൾ അവർ ജീവൻ പ്രാപിച്ച് ഉയിർത്ത് സ്വർഗ്ഗത്തിലേക്കെടുക്കപ്പെടും.

അതിനുശേഷം വലിയോരു ഭൂകമ്പം. യെരുശലേമിൽ 7000 പേർ മരണപ്പെടും. അതിനുശേഷം 7-ാമത്തെ ദൂതൻ തന്റെ കാഹളം ഊതുവാൻ തുടങ്ങി.

സ്വർഗ്ഗത്തിൽ ഒരു മഹാഘോഷം കേട്ടു- നമ്മുടെ കർത്താവ് ലോകരാജത്വം ഏറ്റെടുത്തിരിക്കുന്നു. ന്യായവിധി നടത്തുവാനും, തന്റെ ദാസന്മാർക്കു പ്രതിഫലം കൊടുക്കുവാനും സമയം ആയി എന്നുള്ള വിളംബരം സ്വർഗ്ഗത്തിൽ കേൾക്കുന്നു.

12) 12-ാം അധ്യായത്തിൽ നാം കാണുന്നു സൂര്യനെ അണിഞ്ഞ ഒരു സ്ത്രീയെ- ഇത് യിസ്രായേൽ ജാതി.

സ്ത്രീ ഒരാൺകുട്ടിയെ പ്രസവിച്ചു എന്നുകാണുന്നു.- അതു നമ്മുടെ കർത്താവായ യേശുക്രിസ്തു. സ്വർഗ്ഗത്തിൽ മറ്റൊരടയാളം കണ്ടു - തീ നിറമുള്ള മഹാസർപ്പം- അതിന്റെ വാൽ ആകാശത്തിലെ നക്ഷത്രങ്ങളിൽ 1/3 നെ വലിച്ചു കൂട്ടി ഭൂമിയിലേക്ക് എറിഞ്ഞു.

ഇതു മറ്റാരും അല്ല- സാത്താൻ. അവനോടു കൂടെയുള്ള Fallen Angels.

സ്ത്രീ പ്രസവിച്ച ആൺകുട്ടിയെ തിന്നു കളവാൻ മഹാസർപ്പം ശ്രമിച്ചു. എന്നാൽ മഹാസർപ്പത്തിനതു കഴിഞ്ഞില്ല. ആൺകുട്ടി ദൈവത്തിന്റെ അടുക്കലേക്കെടുക്കപ്പെട്ടു- നമ്മുടെ കർത്താവ് മഹാസർപ്പത്തെ ജയിച്ച് ഇതാ ജയാളിയായി നിൽക്കുന്നു. മഹാസർപ്പം ഇതാ ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ, യിസ്രായേൽ ജാതിയെ, പീഡിപ്പിക്കാൻ നോക്കുന്നു.

എന്നാൽ ഈ മഹോപദ്രവകാലത്ത് 1260 ദിവസം അവരെ സംരക്ഷിക്കുവാൻ ദൈവം ഒരു രഹസ്യ സംവിധാനം ഒരുക്കിയിരിക്കുന്നു.

സ്വർഗ്ഗത്തിൽ ഇതാ ഒരു യുദ്ധം നടക്കുന്നു. മിഖായേലും അവനോടുകൂടെയുള്ള ദൂതന്മാരും സർപ്പത്തോടു പടവെട്ടി, സർപ്പത്തെ ഭൂമിയിലേക്ക് തള്ളിയിടും. അവന്റെ ദൂതന്മാരെയും തള്ളിക്കളഞ്ഞു.

13) സമുദ്രത്തിൽ നിന്നും 10 കൊമ്പും 7 തലയും കൊമ്പുകളിൽ 10 രാജമുടിയും തലയിൽ ദൂഷണനാമവുമുള്ള ഒരു മൃഗം കയറി വരുന്നു. മാനവരാശിയെന്ന മഹാസമുദ്രത്തിൽ നിന്നും ഇതാ Anti Christ രംഗപ്രവേശം ചെയ്യുന്നു. വമ്പും ദൂഷണവും സംസാരിക്കുന്ന വായതിനുണ്ട്. മറ്റൊരു മൃഗം ഭൂമിയിൽ നിന്നും കയറുന്നു. കുഞ്ഞാടിനുള്ളതുപോലെ രണ്ടു കൊമ്പ്- സർപ്പം എന്ന പോലെ സംസാരിക്കുന്നു. മനുഷ്യർ കാൺകെ അത്ഭുതം ചെയ്യാൻ കഴിവുണ്ട്. ഒന്നാമത്തെ മൃഗത്തെ മനുഷ്യരെല്ലാം നമസ്ക്കരിക്കണമെന്നു പ്രഖ്യാപിച്ചുകൊണ്ടു നടക്കുന്നു. മൃഗത്തിന്റെ പ്രതിമയ്ക്ക് ആത്മാവിനെ കൊടുപ്പാൻ അതിനു ബലം ലഭിച്ചു. ഇതാ സാത്താന്യ ത്രിമൂർത്തി ലോകത്തിൽ വ്യാപരിക്കുന്നു.

സാത്താൻ- കടലിൽ നിന്നും കയറിയ മൃഗം - ഭൂമിയിൽ നിന്നും കയറിയ മൃഗം

സാത്താൻ - ആന്റി ക്രൈസ്റ്റ് കള്ള പ്രവാചകൻ

Trying to copy God's Trinity in the world.

എല്ലാവരും നമ്പർ ഏൽക്കണം. മൃഗത്തിന്റെ മുദ്രയേൽക്കാതെ വാങ്ങാനും വിൽക്കാനും കഴിയില്ല. മൃഗത്തിന്റെ മുദ്ര കൈമേലും നെറ്റിമേലും ഏൽക്കണം. Mark of the Beast.

മൃഗത്തിനൊരു നമ്പർ ഉണ്ട്. 666.

വേദപുസ്തകത്തിൽ നമ്പറുകൾ ചില അർത്ഥമുള്ളതായി പലയിടത്തും ഉപയോഗിച്ചിട്ടുണ്ട്.

2= Number of witness. യേശു ശിഷ്യന്മാരെ രണ്ടു രണ്ടായി അയച്ചു

= ന്യാപ്രമാണപ്രകാരം രണ്ടു സാക്ഷികളുടെ വാമൊഴി വേണം ന്യായത്തീർപ്പുകൾക്ക്.

Six = Man's number. Man was created on the 6th day.

Seven = 55 പ്രാവശ്യം വെളിപ്പാടു പുസ്തകത്തിൽ മാത്രം Number 7 ഉപയോഗിച്ചിട്ടുണ്ട്.

7 = Fullness,Perfectness, 7th day God rested. God sanctified the 7th day.

7 churches, 7 trumpets, 7-seals, 7- howls, 7- eyes, 7- spirits. etc.

10 = completeness. പത്തു ദിവസം പരീക്ഷ- 10 കൊമ്പുകൾ- 10 രാജാക്കന്മാർ.

12 = God working in the world through man.

12 Tribes of Israel,

12 stars, 12 gates, 12 അടിസ്ഥാനങ്ങൾ, 12 അപ്പസ്തലന്മാർ

New Jerusalem ന്റെ അളവുകൾ ഒക്കെ 12 ന്റെ ഗുണിതങ്ങൾ 12000, 144 etc.

3½ or 1260, 42 months = persecution or protection in Revelation.

14) മഹോപദ്രവകാലത്ത് മുദ്രയേറ്റ 144000 പേർ സിയോൻ മലയിൽ നിൽക്കുന്ന കാഴ്ച യോഹന്നാൻ കാണുന്നു. മനുഷ്യരിൽ നിന്നും ഉള്ള ആദ്യഫലം ആയി ഇവരെ കാണുന്നു. യിസ്രായേലിൽ നിന്നുമുള്ള ശേഷിപ്പാണിത്.

- ഒരു ദൂതൻ ന്യായവിധിയുടെ Proclamation നടത്തുന്നു.

- രണ്ടാമതൊരു ദൂതൻ പ്രസ്ഥാവിക്കുന്നു- മഹതിയാം ബാബിലോൺ വീണുപോയി എന്ന്.

- മൂന്നാമതൊരു ദൂതൻ വിളിച്ചുപറയുന്നു- മൃഗത്തിന്റെ മുദ്രയേൽക്കുന്നവരും മൃഗത്തെ നമസ്കരിക്കുന്നവരും ന്യായവിധിക്കായി നിൽക്കുന്നു എന്ന്.

- കർത്താവിൽ മരിച്ചവരുടെ ഭാഗ്യാവസ്ഥയെപ്പറ്റിയും ദൂതൻ വിളിച്ചു പറയുന്നു.

- മറ്റൊരു കൂട്ടം ദൂതന്മാർ ഇതാ ന്യായവിധിയുടെ പ്രഖ്യാപനവുമായി സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങുന്നു.

- ഭൂമിയിലെ കൊയ്ത്തിനു സമമായി. അരിവാൾ ഭൂമിയിലേക്കെറിഞ്ഞു ഭൂമിയിൽ കൊയ്ത്തു നടന്നു.

- ന്യായവിധിയുടെ ഫലമായി, ദൈവ കോപം ഭൂമിമേൽ ചൊരിഞ്ഞു.

15) 15-ാം അധ്യായം ഒടുക്കത്തെ 7 ബാധകൾക്കായി തയ്യാറായി നിൽക്കുന്ന ദൂതന്മാരെ Introduce ചെയ്യുന്നു. ഇതാ സ്വർഗ്ഗത്തിൽ വലിയോരടയാളം കാണും.

മൃഗത്തോടു പടവെട്ടി ജയിച്ച വലിയൊരു സംഘം സ്വർഗ്ഗത്തിൽ എത്തിയിരിക്കുന്നു.

വീണ്ടെടുക്കപ്പെടേണ്ടവർ വീണ്ടെടുക്കപ്പെട്ടു കഴിഞ്ഞു. ദൈവത്തിന്റെ മുദ്ര ഏൽക്കേണ്ടവർ മുദ്രയേറ്റുകഴിഞ്ഞു.

ഇനി ക്രോധ കലശം ഭൂമിയിലൊഴുക്കാൻ താമസിക്കേണ്ട ആവശ്യം ഇല്ല.

സ്വർഗ്ഗത്തിലെ ദേവാലയം പുക കൊണ്ടു നിറഞ്ഞു.

16) 7 മുദ്രകൾ, 7 കാഹളങ്ങൾ = ഇവയെല്ലാം മുന്നറിയിപ്പുകൾ ആയി കണക്കാക്കാം. എന്നാൽ 7 ക്രോധ കലശം ദൈവത്തിന്റെ ക്രോധം തന്നെ. കർത്താവിന്റെ മഹത്വ പ്രത്യക്ഷതയ്ക്കു മുമ്പായി ഈ ഭൂമിയിൽ ഈ സംഭവങ്ങൾ നടക്കേണ്ടതുതന്നെ.

ഒന്നാം ക്രോധകലശം = മൃഗത്തിന്റെ മുദ്രയേറ്റവർക്കും അന്തിക്രിസ്തുവിന്റെ പ്രതിമയെ നമസ്കരിക്കയും ചെയ്തവർക്ക് വല്ലാത്ത വൃണം- Painful sores.

രണ്ടാം ക്രോധകലശം = സമുദ്രത്തിലെ വെള്ളം രക്തമായിത്തീർന്നു. സമുദ്രത്തിലെ ജീവികൾ ചത്തു.

മൂന്നാം ക്രോധകലശം = നദികളും നീരുറവകളും രക്തമായിത്തീർന്നു.

നാലാം ക്രോധകലശം = കലശം സൂര്യനിൽ ഒഴിച്ചു- മനുഷ്യൻ അത്യുഷ്ണത്താൽ വെന്തുപോയി.

അഞ്ചാം ക്രോധകലശം = മൃഗത്തിന്റെ സിംഹാസനത്തിൽ- രാജ്യം ഇരുണ്ടു പോയി.

6-ാം ക്രോധകലശം യൂഫ്രട്ടീസ് നദിയിൽ ഒഴിച്ചു. അതിലെ വെള്ളം വറ്റിപ്പോയി.

- കിഴക്കുനിന്നുള്ള രാജാക്കന്മാർക്കു വഴിയൊരുക്കാനിതു സംഭവിച്ചു.

സർപ്പത്തിന്റെയും മൃഗത്തിന്റെയും കള്ളപ്രവാചകന്റെയും വായിൽ നിന്നും അശുദ്ധാത്മാക്കൾ പുറപ്പെട്ടു. അന്ത്യകാല യുദ്ധത്തിനായി സർവ്വ ഭൂതലത്തിലുമുള്ള രാജാക്കന്മാരെ കൂട്ടിച്ചേർക്കാനായി അശുദ്ധാത്മാക്കൾ അത്ഭുതങ്ങൾ ചെയ്തും കൊണ്ട് പുറപ്പെട്ടിരിക്കുന്നു.

Getting ready for AR-MAGEDDON.

7-ാമത്തെ ക്രോധകലശം- ആകാശത്തിൽ ഒഴിച്ചു. അപ്പോൾ സംഭവിച്ചു തീർന്നു എന്നുള്ള ശബ്ദം സിംഹാസനത്തിൽ നിന്നും ഉണ്ടായി.

വലിയ ഭൂകമ്പം - അനേക പട്ടണങ്ങൾ വീണു നിലം പരിശായി - ജാതികളുടെ പട്ടണങ്ങളും വീണു.

വലിയ കല്മഴ ആകാശത്തു നിന്നും പെയ്തു. മലകൾ കാൺമാനില്ലാതെയായി. ദ്വീപുകൾ അപ്രത്യക്ഷമായി. സഹസ്രാബ്ദവാഴ്ചക്കായി ഭൂമിയുടെ Topography തന്നെ മാറ്റപ്പെടുന്നു.

ഇതാ കർത്താവിന്റെ മഹത്വ പ്രത്യക്ഷതക്കായി രംഗം സജ്ജമായി നിൽക്കുന്നു.

17) മഹതിയാം ബാബിലോൺ - വേശ്യമാരുടെയും മ്ലേച്ഛതകളുടെയും മാതാവ്- അന്തിക്രിസ്തുവിനെ അധികാരത്തിലെത്തിക്കാൻ സഹായിക്കുന്ന വിശ്വാസ ത്യാഗിനിയായ സഭ- മഹോപദ്രവകാലത്ത് അതിന്റെ ഒന്നാം പകുതിയിൽ മൃഗവും ഒന്നിച്ച് അധികാരം കൈക്കൊള്ളും. "മൃഗത്തിന്മേൽ ഇരിക്കുന്ന സ്ത്രീ" അതാണ് യോഹന്നാനെ ദൂതൻ കാണിച്ചു കൊടുത്തത്.

ബാബിലോൺ മതത്തിന്റെ മർമ്മം ഉൽപ്പത്തി പുസ്തകത്തിൽ തുടങ്ങിയതാണ്. ദൈവജനത്തെ നശിപ്പിക്കലായിരുന്നു അനേക നൂറ്റാണ്ടുകൾ ഈ ബാബേൻ മതത്തിന്റെ മർമ്മം. ഇസ്രായേലിനെ ഒരളവു വരെ അതു നശിപ്പിച്ചു കൊണ്ടേയിരുന്നു.

ക്രിസ്തീയ സഭ ശക്തി പ്രാപിച്ചു. ഒന്നും രണ്ടും മൂന്നും നൂറ്റാണ്ടിൽ പ്രബലപ്പെട്ടപ്പോൾ, അതിന്റെ പ്രവർത്തനശൈലി മാറ്റി. സഭയുടെ ഉള്ളിൽ ബാബിലോൺ മർമ്മം പ്രവേശിക്കാൻ തുടങ്ങി. Now Babylon is inside the Institution of CHURCH. അതു കൂടുതൽ കൂടുതൽ പ്രകടമായിക്കൊണ്ടേയിരിക്കും. Anti Christ നോടൊപ്പം ഏകദേശം 31/2 വർഷം അധികാരം കൈയാളുകയും ചെയ്യും.

എന്നാൽ മൃഗം ഈ വിശ്വാസത്യാഗിനയായ സഭ അഥവാ മതത്തെ നിലത്തു തള്ളിയിട്ടു ചവിട്ടിക്കളയും. ഇതു First 3 ½years ന്റെ അവസാനത്തോടെയാകും നടക്കുന്നത്.

The Fall of Religious Babylon അതാണ് 17-ാംഅധ്യായത്തിന്റെ ചുരുക്കം.

18) മഹതിയാം ബാബിലോൺ വീണുപോയി. "Fallen is Babylon the Great".

The political Babylon- The Babylon city- ഇതും നശിക്കും. ഏതാണീ പട്ടണം- "ROME" ആകാം. അല്ലായെങ്കിൽ Euphrates ന്റെ കരയിൽ Anti Christ ഒരു പുതിയപട്ടണം പണിഞ്ഞു എന്നുവരാം. പഴയ Babylon നിന്നസ്ഥലത്തു തന്നെ. ഏതും ആകട്ടെ. അതും നാശത്തിനായി കാത്തിരിക്കുന്നു.

"ജാതികളുടെ കാലം" Political Babylon ന്റെ പതനത്തോടെ അവസാനിക്കും. കർത്താവിന്റെ മഹത്വപ്രത്യക്ഷതയ്ക്കു തൊട്ടു മുമ്പായി ഈ Political Babylon നശിക്കും. 18-ാം അധ്യായത്തിൽ Religion Babylon ഉം നശിച്ചു.

19) 4-ാം അധ്യായം മുതൽ 18-ാം അധ്യായം വരെ "GREAT TRIBULATION PERIOD" ൽ നടക്കാനിരിക്കുന്ന സംഭവങ്ങളും ന്യായവിധികളും വിവരിച്ചു. മഹോപദ്രവകാലത്തിന് അന്ത്യം കുറിച്ചുകൊണ്ട് ലോകം ഉറ്റുനോക്കുന്ന "മഹാസംഭവം നടക്കാൻ പോകുന്നു. യേശു ക്രിസ്തുവിന്റെ മഹത്വ പ്രത്യക്ഷത."

സ്വർഗ്ഗത്തിൽ വലിയ സന്തോഷം.

24 മൂപ്പന്മാർ. 4 living creatures. സ്വർഗ്ഗീയ സൈന്യവും. വിശുദ്ധന്മാരും. എല്ലാം അവിടെയുണ്ട്. ഇതാ ധാരാളം പ്രഖ്യാപനങ്ങൾ നാം കേൾക്കുന്നു.

- ഇതാ നമ്മുടെ കർത്താവു രാജത്വം ഏറ്റിരിക്കുന്നു.
- ഇതാ കുഞ്ഞാടിന്റെ കല്യാണം വന്നിരിക്കുന്നു.
- അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.
- അവൾക്കു ശുദ്ധവും ശുഭ്രവുമായ വിശേഷ വസ്ത്രം ധരിപ്പാൻ കൃപ ലഭിച്ചിരിക്കുന്നു.
- വെള്ളക്കുതിരപ്പുറത്ത് വിശ്വസ്തനും സത്യവാനുമായ നമ്മുടെ കർത്താവ് ലോകഭരണം നടത്താനായി പുറപ്പെടുന്നു.
- ഇരുമ്പു കോൽ കൊണ്ടു മേയ്ക്കുന്നവൻ വരുന്നു.
- രാജാധി രാജാവും കർത്താധി കർത്താവും ആയി രംഗ പ്രവേശനം ചെയ്യുന്നു.
- വിശുദ്ധനാടു മുഴുവനും Anti Christ ന്റെ സൈന്യം നിറഞ്ഞിരിക്കുന്നു.
- യേശുവിന്റെ വരവിൽ ഒരു വലിയ സംഹാരം നടക്കും. Anti Christ ന്റെ Army നിശേഷം നശിക്കും.
- Anti Christ നെയും കള്ള പ്രവാചകനേയും കത്തുന്ന തീ പൊയ്കയിൽ തള്ളിയിടും.

20) Millennial Reign of Christ

- പഴയ പാമ്പായ സാത്താനെ 1000 ആണ്ടേയ്ക്ക് ചങ്ങലയിട്ട് അഗാധത്തിൽ തള്ളിയിട്ട് അടച്ചു പൂട്ടി.
- ഇതാ ന്യായവിധിയുടെ ഏതാനും രംഗങ്ങൾ
- Beast/ Anti Christ & False Prophet ന്റെ ന്യായവിധി കഴിഞ്ഞു.
- സാത്താന്റെ ബന്ധനം കഴിഞ്ഞു.
- മഹോപദ്രവകാലത്തിലെ രക്തസാക്ഷികളായി മരിച്ചവരുടെ ന്യായവിധി നടക്കുന്നു അവർ പുനരുദ്ധാനം പ്രാപിക്കുന്നു.
- ജീവിച്ചിരിക്കുന്ന യിസ്രായേൽ ജനത്തിന്റെ ന്യായവിധി.
- ജീവിച്ചിരിക്കുന്ന ജാതികളുടെ ന്യായവിധി- ചെമ്മരിയാടുകളും കോലാടുകളും എന്ന് രണ്ടായി തിരിക്കുന്നു.

ഇതാ നമ്മുടെ കർത്താവ് 1000 ആണ്ട് ഈ ലോകത്തെ ഭരിക്കുന്നു.

സൃഷ്ടി മനുഷ്യ പുത്രന്മാരുടെ വെളിപ്പാടിനെ ആകാംഷയോടെ കാത്തിരിക്കുന്നു.

സൃഷ്ടി ദ്രവത്തത്തിൽ നിന്നുള്ള വിടുതലിനായി കാത്തിരിക്കുന്നു.

- ചെന്നായും കുഞ്ഞാടും ഒന്നിച്ചു മേയും. സിംഹം കാള എന്നപോലെ പുല്ലുതിന്നും. സർപ്പത്തിന് പൊടി ആഹാരമായിരിക്കും.

എന്റെ വിശുദ്ധ പർവ്വതത്തിൽ എങ്ങും ഒരു ദോഷമോ, നാശമോ ആരും ചെയ്കയില്ല.

- 1000 ആണ്ട് കഴിയുമ്പോൾ, സാത്താനെ തടവിൽ നിന്നും അഴിച്ചുവിടും.
- സാത്താൻ ലോകം മുഴുവനും സഞ്ചരിച്ചിട്ട് ഭൂമിയുടെ നാലു ദിക്കിൽ നിന്നും
- എണ്ണമില്ലാത്ത ജനത്തെ വശീകരിച്ച് വിശുദ്ധന്മാരുടെ പാളയത്തെയും പ്രിയ നഗരത്തെയും വളയും.
- എന്നാൽ ആകാശത്തു നിന്നു തീ ഇറങ്ങി അവരെ ദഹിപ്പിച്ചു കളയും.
- പിശാചിനെ മൃഗവും കള്ള പ്രവാചകനും കിടക്കുന്ന തീപൊയ്കയിൽ തള്ളിയിടും.
- അവർ എന്നെന്നേക്കും ദണ്ഡനം സഹിക്കേണ്ടിവരും.
- ഇതിനു ശേഷം ഇതാ വലിയോരു വെള്ളസിംഹാസനം- Great white Throne.
- ഒന്നാം പുനരുദ്ധാനത്തിൽ ഉയർത്തെഴുന്നേൽക്കാത്ത ബാക്കിയുള്ള സകലരും സിംഹാസനത്തിൻ മുമ്പിൽ നിൽക്കുന്ന കാഴ്ച യോഹന്നാൻ കണ്ടു.
- എല്ലാവർക്കും അവരവരുടെ പ്രവൃത്തികൾക്കനുസരിച്ച് ന്യായവിധി ഉണ്ടായി.
- സമുദ്രം തന്നിൽ മരിച്ചവരെ ഏല്പിച്ചു കൊടുത്തു.
- മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചു കൊടുത്തു.
- ഓരോരുത്തന് അവനവന്റെ പ്രവൃത്തിക്കനുസരിച്ച വിധി ഉണ്ടായി.
- മരണത്തെയും പാതാളത്തെയും തീപൊയ്കയിൽ തള്ളിയിട്ടു.

21) പുതിയ ആകാശവും പുതിയഭൂമിയും. New Heavan & New Earth

യോഹന്നാൻ ദർശനത്തിൽ പുതിയ ആകാശവും പുതിയ ഭൂമിയും കാണുന്നു.

ഒന്നാമത്തെ ആകാശവും ഭൂമിയും ഒഴിഞ്ഞു പോയി. സമുദ്രവും ഇനി ഇല്ല. പുതിയ യെരുശലേം എന്ന വിശുദ്ധ നഗരം, ഭർത്താവിനായി അലങ്കരിച്ചിരിക്കുന്ന മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽ നിന്ന്, ദൈവസന്നിധിയ്ൽ നിന്ന് ഇറങ്ങുന്നത് ഞാൻ കണ്ടു.

ഇതാ മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം.

അവൻ അവരോടു കൂടെ വസിക്കും.

- ഈ വിശുദ്ധ നഗരം എത്ര മനോഹരം.
- The shape is a perfect cube. 1500 മൈൽ നീളം. 1500 മൈൽ വീതി.
- 1500 മൈൽ ഉയരം. 2.25 million sq. miles.
- ധാരാളം സ്ഥലം. ഇതാ സ്വർഗ്ഗത്തിന്റെ Invitation.
- വരുവിൻ. വന്നു നിറവിൻ. Come and fillup.
- വിശുദ്ധ നഗരത്തിനു 12 അടിസ്ഥാനങ്ങൾ. എല്ലാം വിലയേറിയ ശോഭയേറിയ രത്നങ്ങൾ തന്നെ.
- ദൈവതേജസ്സ് അതിനെ പ്രകാശിപ്പിച്ചു.
- കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിട്ടുള്ളവരല്ലാതെ അശുദ്ധമായ
- യാതൊന്നും മ്ലേച്ഛതയും ഭോഷ്ക്കും പ്രവത്തിക്കുന്നവർ ആരും അതിൽ കടക്കയില്ല.

22) 22-ാം അധ്യായത്തിൽ പുതിയ യെരുശലേമിന്റെ വർണ്ണന തുടരുന്നു.

ജീവജലനദി അവിടെയുണ്ട്. ജീവവൃക്ഷം ഉണ്ട്. മാസതോറും അതാതുഫലം കൊടുക്കുന്ന ജീവവൃക്ഷം.

ഏദെനിൽ നഷ്ടപ്പെട്ടതെല്ലാം ഇതാ തിരിച്ചു തന്നിരിക്കുന്നു.

യാതൊരു ശാപവും ഇനിയില്ല.

ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും അവർ അവന്റെ മുഖം കാണും.

അവന്റെ നാമം അവരുടെ നെറ്റിയിൽ ഇരിക്കും.

ഇനി രാത്രി ഉണ്ടാകയില്ല.

ഇതാ ഞാൻ വേഗത്തിൽ വരുന്നു. "Behold I come Quickly".

ഈ പുസ്തകത്തിലെ പ്രവചനം മുദ്രയിടരുത്.

അനീതി ചെയ്യുന്നവൻ ഇനി അനീതി ചെയ്യട്ടെ.

അഴുക്കുള്ളവൻ ഇനി അഴുക്കാകട്ടെ.

നീതിമാൻ ഇനിയും നീതി ചെയ്യട്ടെ.

വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ.

ഇതാ ഞാൻ വേഗം വരുന്നു.

പ്രതിഫലം എന്റെ പക്കൽ ഉണ്ട്.

ഞാൻ ആൽഫയും ഒമേഗയും ആകുന്നു. I am $\alpha$ & Ω.

വേദപുസ്തകം അവസാനിപ്പിക്കുന്നത് ഒരു പ്രാർത്ഥനയോടുകൂടിയത്രെ.

നമുക്കും അതേറ്റുപറയാൻ കൃപ ലഭിക്കട്ടെ.

ആമ്മേൻ. കർത്താവായ യേശുവേ വേഗം വരേണമെ.!!

കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ. സ്തോത്രം. ആമേൻ.



Fleettech, Puthuppally 0481 2351 626

# സ്വർഗ്ഗീയ അനുഗ്രഹങ്ങളുടെ കലവറ

## വെളിപ്പാടു പുസ്തകം ഒരു പഠനം

Br. ജോർജ്ജ് ജോൺ

ഈ ഭൂമീമേലുള്ള ദൈവത്തിന്റെ ഉദ്ദേശ്യം.
വേദപുസ്തകിത്തിലെ പ്രവചനങ്ങളുടെ പര്യവസാനം
സകലതും നിവൃത്തിയായി എന്നുള്ള ശബ്ദം.
സാത്താന്റെ നിത്യനാശം.
പുതിയ ആകാശം, പുതിയ ഭൂമി
നിത്യതയിലേക്കുള്ള പ്രവേശനം.

മഹൽസൗധത്തിന്റെ കലവറയായ
വെളിപ്പാടു പുസ്തകത്തിന്റെ ഒരു സമ്പൂർണ്ണപഠനം.

@fleettech puthuppally - 91 481 2351 626
E-Mail: fleettech@gmail.com